# ഫാത്തിമ ചരിത്രം

പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ നിന്നും 90 കിലോമീറ്റർ അകലെയുള്ള ഒരു മലയോര ഗ്രാമമാണ് ഫാത്തിമ. ലൂസി, ഫ്രാൻസിസ്കോ, ജസീന്ത എന്നീ കൊച്ചുകുട്ടികൾ തങ്ങളുടെ ഭവനത്തിൽ നിന്നും അകലെയല്ലാതെ ആടുകളെ മെയ്ച്ചുകൊണ്ടിരിക്കു കയായിരുന്നു. പെട്ടെന്ന് മഴ ചാറുവാൻ തുടങ്ങി. അവർ അടുത്തുള്ള ഒരു ഗുഹയിൽ മഴ നനയാതിരിക്കാൻ കയറിനിന്നു. അൽപ്പം കഴിഞ്ഞപ്പോൾ ആ കുഞ്ഞുങ്ങൾ അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. അതാ, ഒരു പ്രകാശഗോളം തങ്ങളുടെ നേരെ അന്തരീക്ഷത്തിലൂടെ അടുത്തുവരുന്നു. പ്രകാശഗോളത്തിന്റെ മധ്യത്തിലായി തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച ഒരു യുവാവ്! ഭയചകിതരായ കുഞ്ഞുങ്ങളോട് ആ രൂപം സംസാരിച്ചു: ''ഭയപ്പെടേണ്ട, ഞാൻ സമാധാനത്തിന്റെ മാലാഖയാണ്; എന്നോടൊപ്പം പ്രാർത്ഥിക്കുക.''അദ്ദേഹം നിലത്തുമുട്ടു കുത്തി സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് മൂന്നു പ്രാവശ്യം താഴെ ചേർത്തിരിക്കുന്ന പ്രാർത്ഥന ആവർത്തിച്ചു. മൂന്നു കുട്ടികളും ആ പ്രർത്ഥന ഏറ്റുചൊല്ലി.

''എന്റെ ദൈവമേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു; ആശ്രയിക്കുന്നു. അങ്ങയെ ഞാൻ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. വിശ്വസിക്കാത്തവർക്കായി ഞാൻ മാപ്പുചോദിക്കുന്നു. അങ്ങയെ സ്നേഹിക്കുകയോ ആരാധിക്കുകയോ അങ്ങയിൽ പ്രത്യാശ വയ്ക്കുകയോ ചെയ്യാത്തവർക്കായി ഞാൻ കരുണയും പാപമോചനവും അപേക്ഷിക്കുന്നു.''

1916ലെ വേനൽക്കാലത്ത് മൂന്നു കുട്ടികളും ഒരുമിച്ചായിരുന്നപ്പോൾ മാലാഖ വീണ്ടും പ്രത്യക്ഷപ്പെട്ടു പറഞ്ഞു: ''പ്രാർത്ഥിക്കുക, കൂടുതലായി പ്രാർത്ഥിക്കുക. യേശുവിന്റെയും മറിയത്തിന്റെയും ഹൃദയങ്ങളിൽ നിങ്ങൾക്കായി കാരുണ്യത്തിന്റെ പദ്ധതികളുണ്ട്. അത്യുന്നതനായവനു നിരന്തരം പ്രാർത്ഥനകളും കാഴ്ചകളും സമർപ്പിക്കുക. അവിടുത്തേയ്ക്കെതിരായി ചെയ്യപ്പെടുന്ന പാപങ്ങൾക്കുവേണ്ടി നിങ്ങളാൽ ചെയ്യാൻ കഴിയുന്ന സകല പരിഹാരപവൃത്തികളും കാഴ്ചയായി അർപ്പിക്കുക. പാപികളുടെ മാനസാന്തരത്തിന് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. അങ്ങനെ നിങ്ങളുടെ രാജ്യത്തിനായ് സമാധാനം യാചിക്കുക. ഞാൻ പോർട്ടുഗലിന്റെ കാവൽമാലാഖയാണ്. എല്ലാറ്റിലും ഉപരിയായി ദൈവം നിങ്ങളുടെമേൽ അയക്കുന്ന സഹനങ്ങൾ എളിമയോടെ സ്വീകരിക്കുകയും ക്ഷമയോടെ വഹിക്കുകയും ചെയ്യണം.''

1916ലെ ശരത്കാലത്ത് ഒരു കൈയ്യിൽ സ്വർണകാസയും അതിനു മുകളിലായി മറുകൈകൊണ്ട് പിടിച്ചിരിക്കുന്ന ഓസ്തിയുമായി മാലാഖ വീണ്ടും കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടു. ഓസ്തിയിൽ നിന്നും രക്തത്തുള്ളികൾ കാസയിലേക്കു ഇറ്റുവീണുകൊണ്ടിരുന്നു. കാസയും ഓസ്തിയും അന്തരീക്ഷത്തിൽ തനിയെ നിർത്തികൊണ്ട് മാലാഖ അതിനു മുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് മൂന്നു പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിച്ചു.

''പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രീത്വമെ, ഞാൻ അങ്ങയെ ഹൃദയപൂർവം ആരാധിക്കുന്നു. അങ്ങേയ്ക്കെതിരെ നിന്ദ, എതിർപ്പ്, സ്നേഹമില്ലായ്മ തുടങ്ങിയവ വഴിയായി ചെയ്യപ്പെടുന്ന എല്ലാ പാപങ്ങൾക്കും പരിഹാരമായി ലോകത്തിലെ സകല സക്രാരികളിലും വസിക്കുന്ന യേശുവിന്റെ അമൂല്യമായ ശരീരവും രക്തവും ആത്മാവും ദൈവത്വവും ഞാൻ അങ്ങേയ്ക്കു കാഴ്ചവെയ്ക്കുന്നു. യേശുവിന്റെ തിരുഹൃദയത്തിന്റെയും മറിയത്തിന്റെ വിമലഹൃദയത്തിന്റെയും അസംഖ്യമായ യോഗ്യതകളെ പ്രതി പാപികളുടെ മാനസാന്തരത്തിനായി ഞാൻ യാചിക്കുന്നു.''

അനന്തരം മാലാഖ മൂന്നു കുട്ടികൾക്കും ദിവ്യകാരുണ്യം നൽകുകയും കാസയിൽ നിന്നു കുടിക്കുവാൻ കൊടുക്കുകയും ചെയ്തു കൊണ്ട് പറഞ്ഞു: ''നന്ദിഹീനരായ മനുഷ്യരാൽ ഭീകരമായി പീഡിപ്പിക്കപ്പെടുന്ന യേശുവിന്റെ ശരീരവും രക്തവും സ്വീകരിക്കുക.

അവരുടെ പാപങ്ങൾക്കു പരിഹാരം ചെയ്തുകൊണ്ട് ദൈവത്തെ ആശ്വസിപ്പിക്കുക.''

## സൂര്യനെ ഉടയാടാക്കിയ സ്ത്രീ

1917 മെയ് 13 ഒരു ഞായറാഴ്ചയായിരുന്നു ലൂസിയും കൂട്ടുകാരും 'കോവാദെ–ഇറിയ' എന്ന മലഞ്ചെരുവിൽ ആടിനെ മേയ്ച്ചുകൊണ്ട് നടന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് അവർ കളിക്കാനൊരുങ്ങുമ്പോൾ പെട്ടെന്ന് ആകാശത്തെ കീറിമുറിച്ചുകൊണ്ട് ഒരു ഇടിമിന്നൽ. അൽപ്പസമയത്തിനുശേഷം അത് ആവർത്തിച്ചു. വലിയൊരു കൊടുങ്കാറ്റുണ്ടാകാനുള്ള ലക്ഷണം കണ്ട കുട്ടികൾ ആടുകളെയെല്ലാം വീട്ടിലേക്കു കൊണ്ടുപോകാൻ ഒരുമിച്ചുകൂട്ടി. അപ്പോഴാണ് അവർക്കു പോകേണ്ട വഴിയിൽ അഭിമുഖമായി നിൽക്കുന്ന വലിയൊരു ഓക്കുമരത്തിന്റെ മുകളിൽ വലിയൊരു തിളങ്ങുന്ന പ്രകാശം വന്നിറങ്ങുന്നത് കണ്ടത്. സൂക്ഷിച്ചു നോക്കിയ അവർ അത്ഭുതസ്തബ്ധരായി. മരത്തിനു മുകളിലായി അതിമനോഹരിയായ സ്ത്രീ. അവളുടെ പാദങ്ങൾ തിളങ്ങുന്ന മേഘങ്ങളാൽ മൂടപ്പെട്ടിരുന്നു. വെളുത്ത വസ്ത്രം ധരിച്ചിരുന്ന അവളുടെ മേലങ്കി സ്വർണകരയുള്ളതായിരുന്നു. നെഞ്ചിനു മുകളിലായി ഇരുകൈകളും കൂപ്പിപിടിച്ചിരുന്ന അവളുടെ വലത്തുകൈത്തണ്ടയിൽ അസാമാന്യ വൈശിഷ്ടമുള്ള വെളുത്ത മുത്തുകളുള്ള ഒരു ജപമാല തൂങ്ങികിടന്നു. ലൂസി പിന്നീട് ആ രംഗം വിവരിച്ചതിങ്ങനെയാണ്.

''സൂര്യനെക്കാൾ തേജസേറിയവളായിരുന്നു ആ സ്ത്രീ''. അവൾ പറഞ്ഞു: ''ഭയപ്പെടേണ്ട, ഞാൻ സ്വർഗത്തിൽ നിന്നുമാണ് വരുന്നത്.'' ലൂസി ചോദിച്ചു: ''അങ്ങ് ഞങ്ങളിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നത്?'' സ്ത്രീ തുടർന്നു: ''തുടർന്നുള്ള ആറുമാസങ്ങളിലെയും 13–ാം തിയതികളിൽ ഇതേ സ്ഥലത്ത്, ഇതേ സമയത്ത് നിങ്ങൾ വരണം. അപ്പോൾ ഞാൻ ആരാണെന്നും നിങ്ങൾ എന്തു ചെയ്യണമെന്നും ഞാൻ പറയാം.''

''ദൈവത്തിനായി നിങ്ങളെത്തന്നെ സമർപ്പിക്കുവാനും അവിടുത്തേക്കെതിരായി ചെയ്യപ്പെടുന്ന എണ്ണമറ്റ പാപങ്ങളുടെ പരിഹാരത്തിനായും പാപികളുടെ മാനസാന്തരത്തിനായും അവിടുന്നയക്കുന്ന സഹനങ്ങളെ സ്വീകരിക്കുവാനും നിങ്ങൾക്കു സമ്മതമാണോ?'' എന്ന ചോദ്യത്തിനു മൂന്നുപേർക്കും വേണ്ടി ലൂസി 'അതെ' എന്ന് ഉത്തരം നൽകി. ആ സ്ത്രീ തുടർന്നു: ''എങ്കിൽ നിങ്ങൾക്കു വളരെയധികം സഹിക്കേണ്ടി വരും. എന്നാൽ ദൈവകൃപ നിങ്ങളെ ആശ്വസിപ്പിക്കാനായി എപ്പോഴും ഉണ്ടായിരിക്കും.'' യുദ്ധം അവസാനിപ്പിക്കുവാനും (അപ്പോൾ ഒന്നാം ലോകമഹായുദ്ധം നടക്കുകയായിരുന്നു) ലോകസമാധാനത്തിനായി ജപമാല ചൊല്ലുവാനും ഉപദേശിച്ചുകൊണ്ട് അവൾ യാത്ര പറഞ്ഞു.

## 1917 ജൂൺ 13

എഴുപതോളം ആളുകൾ ദർശനം കാണാൻ എത്തിയിരുന്നുവെങ്കിലും കുട്ടികൾക്കുമാത്രമാണ് മാതാവിനെ കാണാൻ സാധിച്ചത്. മാതാവ് പറഞ്ഞു: ''പ്രാർത്ഥിക്കാനും പരിഹാരം ചെയ്യാനും ആരും ഇല്ലാത്തതിനാൽ അനേകം ആത്മാക്കൾ നരകത്തിലകപ്പെട്ടു പോകുന്നു.ജപമാല ചൊല്ലുക. ഓരോ രഹസ്യങ്ങൾക്കുശേഷവും താഴെപറയുന്ന ഈ പ്രാർത്ഥന കൂട്ടിചേർക്കുക.

''ഓ, എന്റെ യേശുവേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമെ, നരകാഗ്നിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യ അങ്ങേ സഹായം ഏറ്റം ആവശ്യമായിരിക്കുന്നവരെയും സ്വർഗത്തിലേക്കാനായിക്കേണമെ.''

എഴുതുവാനും വായിക്കുവാനും പഠിക്കാൻ കുട്ടികളെ ഉപദേശിച്ച മാതാവ് ഫ്രാൻസിസ്കോയെയും ജസീന്തയെയും താൻ അധികം വൈകാതെ സ്വർഗത്തിലേക്കു കൊണ്ടുപോകുമെന്നും പറയുകയുണ്ടായി. എന്നാൽ ലൂസിയോട് ദിവ്യജനനി പറഞ്ഞതിപ്രകാരമാണ്: “ നീ കുടുതൽ കാലം ഇവിടെ ജീവിക്കേണ്ടിയിരിക്കുന്നു. ഞാൻ കൂടുതൽ സ്നേഹിക്കപ്പെടാനും ആദരിക്കപ്പെടാനും യേശു നിന്നെ ഉപകരണമാക്കാനാഗ്രഹിക്കുന്നു. ലോകം മുഴുവനും എന്റെ വിമലഹൃദയത്തിനോടുള്ള ഭക്തി പ്രചരിപ്പിക്കുവാൻ ഈശോ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തെ പുൽകുന്ന സകലർക്കും ഞാൻ രക്ഷ വാഗ്ദാനം ചെയ്യുന്നു. അവരുടെ ആത്മാക്കളെ ദൈവം തന്റെ സിംഹാസനത്തെ അലങ്കരിക്കാനായി ഞാൻ അർപ്പിച്ചിരിക്കുന്ന പൂക്കളെപ്പോലെ സ്നേഹിക്കും.”

## ജൂലൈ 13, 1917

പറഞ്ഞിരുന്നതുപോലെ അടുത്തമാസവും അതേ സമയത്ത് ഓക്കുമരത്തിന്റെ മുകളിലായി മാതാവ് പ്രത്യക്ഷപ്പെട്ടു. അവിടുന്ന് കുട്ടികളോടു പറഞ്ഞു: “അടുത്തമാസം 13–ാം തിയതിയും നിങ്ങളിവിടെ വരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ജപമാല രാജ്ഞിയുടെ പുകഴ്ചക്കായി എല്ലാ ദിവസവും കൊന്ത ചൊല്ലുന്നത് തുടരുക. യുദ്ധം അവസാനിക്കുന്നതിനും ലോക സമാധാനത്തിനുവേണ്ടിയും അപ്രകാരം പ്രാർത്ഥിക്കണം. കാരണം ജപമാല റാണിക്കു മാത്രമേ അതിനു സഹായിക്കുവാൻ കഴിയു.എല്ലാ മാസവും ഇവിടെ വരുന്നത് തുടരുക. ഞാൻ ആരാണെന്നും ഞാൻ എന്താണ് ആഗ്രഹിക്കുന്നതെന്നും ഒക്ടോബറിൽ ഞാൻ പറയാം. സകലരും കാണുന്നതിനും വിശ്വസിക്കുന്നതിനും വേണ്ടി ഞാൻ അന്ന് ഒരത്ഭുതവും കാണിക്കും.”

തുടർന്ന് അവർ കുട്ടികളെ ഇപ്രകാരം ഉപദേശിച്ചു: “പാപികൾക്കുവേണ്ടി നിങ്ങൾ നിങ്ങളെത്തന്നെ പരിഹാരബലിയായി സമർപ്പിക്കുക. ത്യാഗപ്രവൃത്തികൾ ചെയ്യുമ്പോഴൊക്കെയും ഇങ്ങനെ പ്രാർത്ഥിക്കണം: “ ഓ, എന്റെ ഈശോയെ, അങ്ങയോടുള്ള സ്നേഹത്തെ പ്രതി, പാപികളുടെ മാനസാന്തരത്തിനും മറിയത്തിന്റെ വിമലഹൃദയത്തിനെതിരായി ചെയ്ത സകല പാപങ്ങളുടെയും പരിഹാരത്തിനുമായി ഞാനിതു സമർപ്പിക്കുന്നു.”

## നരകം എത്ര ഭീകരം

ഈ വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കെ ദിവ്യകന്യക തന്റെ കരങ്ങൾ നീട്ടി വിടർത്തി. അതിൽ നിന്നും നിർഗമിക്കുന്ന ശക്തിയേറിയ പ്രകാശകിരണങ്ങൾ ഭൂമിയിലേക്കു തുളഞ്ഞുകയറുന്നതായി തോന്നി. പെട്ടെന്ന് ഭൂമി അപ്രത്യക്ഷമായി. ഒരു അഗ്നിസമുദ്രത്തിന്റെ തീരത്ത് തങ്ങൾ നിൽക്കുന്നതായി കുട്ടികൾ തിരിച്ചറിഞ്ഞു. ആ ഭീകരമായ സ്ഥലത്തേക്കു സൂക്ഷിച്ചുനോക്കിയപ്പോൾ വളരെയധികം പിശാചുക്കളെയും നശിച്ച ആത്മാക്കളെയും ഭയചകിതരായ ആ കുട്ടികൾ കണ്ടു. അന്തരീക്ഷം മുഴുവൻ ആർത്തമായ നിലവിളികൊണ്ട് നിറയ്ക്കുന്ന കറുത്തിരുണ്ട മൃഗങ്ങൾക്കു സമാനമായിരുന്നു പിശാചുക്കൾ. നശിച്ച ആത്മാക്കൾക്കോ, പിശാചുക്കൾക്കോ തങ്ങളുടെ ചലനങ്ങളെ നിയന്ത്രിക്കുവാൻ കഴിഞ്ഞിരുന്നില്ല. അടുപ്പിനുള്ളിലെ ആളിക്കത്തുന്ന തീക്കട്ടകൾപോലെ അവ തീജ്വാലക്കൊപ്പം ഉയർന്നു താണു കൊണ്ടിരുന്നു. വിളറി, വിറച്ചുകൊണ്ടിരുന്ന ആ പാവങ്ങളെ ദയാപൂർവ്വം നോക്കികൊണ്ട് ഇങ്ങനെ സംസാരിക്കുന്നത് ദർശനത്തിലൂടെ അവർ കേട്ടു.

“പാപികളുടെ പാവം ആത്മാക്കൾ എത്തിചേരുന്ന നരകം നിങ്ങൾ കണ്ടുകഴിഞ്ഞു. അവരെ രക്ഷിക്കുന്നതിനായി എന്റെ അമലോത്ഭവഹൃദയത്തോടുള്ള ഭക്തി ലോകമെങ്ങും യാഥാർത്ഥ്യമാക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നു. ഞാൻ പറയുന്നതുപോലെ

പ്രവർത്തിക്കുവാൻ മനുഷ്യർ തയ്യാറായാൽ അനേകം ആത്മാക്കൾ രക്ഷിക്കപ്പെടുകയും ലോകത്തിൽ സമാധാനം ഉണ്ടാവുകയും ചെയ്യും. യുദ്ധം അവസാനിക്കുവാൻ പോവുകയാണ്. എന്നാൽ ദൈവത്തെ എതിർക്കുന്നത് അവസാനിച്ചില്ലെങ്കിൽ 11–ാം പീയൂസിന്റെ ഭരണകാലത്ത് ഇതിലും ഭീകരമായ ഒരു യുദ്ധം പൊട്ടിപുറപ്പെടും.

അജ്ഞാതമായ ഒരു വെളിച്ചത്തിൽ ഒരു രാത്രി പ്രകാശമാനമാകുന്നത് നിങ്ങൾ കാണുമ്പോൾ നിങ്ങൾ തിരിച്ചറിയുക. അത് ദൈവം നൽകുന്ന വലിയൊരു അടയാളമാണ്. പരിശുദ്ധ പിതാവിനും സഭയ്ക്കും എതിരായുള്ള പീഡനങ്ങൾ, യുദ്ധം, ദാരിദ്ര്യം ഇവയിലൂടെ ദൈവം ലോകത്തെ അതിക്രമങ്ങൾ നിമിത്തം ശിക്ഷിക്കാൻ പോകുന്നു എന്നതിന്റെ അടയാളം. ഇത് തടയുവാനായി റഷ്യയെ എന്റെ വിമലഹൃദയത്തിനു സമർപ്പിക്കുകയും അഞ്ച് ആദ്യശനിയാഴ്ചകളിൽ പാപ പരിഹാരാർത്ഥം വിശുദ്ധ കുർബാന സ്വീകരിക്കാനും ഞാൻ ആവശ്യപ്പെടുന്നു. എന്റെ അഭ്യർത്ഥന സ്വീകരിക്കപ്പെട്ടാൽ റഷ്യ മാനസാന്തരപ്പെടുകയും സമാധാനം സംജാതമാകുകയും ചെയ്യും. അല്ലെങ്കിൽ റഷ്യ തന്റെ തെറ്റുകൾ ലോകമെങ്ങും പ്രചരിപ്പിക്കും. അവൾ യുദ്ധങ്ങൾക്കു കാരണമാവുകയും സഭ പീഡിപ്പിക്കപ്പെടുകയും ചെയ്യും. നീതിമാന്മരായവർ രക്തസാക്ഷിത്വം വരിക്കും. പരിശുദ്ധ പിതാവ് വളരെയധികം സഹിക്കേണ്ടി വരും. പല രാജ്യങ്ങളും നശിപ്പിക്കപ്പെടും. എന്നാൽ എന്റെ വിമലഹൃദയം അവസാനം വിജയം വരിക്കുകതന്നെ ചെയ്യും. പരിശുദ്ധ പിതാവ് റഷ്യയെ എനിക്കായി പ്രതിഷ്ഠിക്കുകയും ലോകത്തിനു ശാന്തിയുടേതായ ഒരു കാലഘട്ടം നൽകപ്പെടുകയും ചെയ്യും.'' ഈ സന്ദേശം താൻ അനുവാദം തരുന്നതുവരെ രഹസ്യമായി സൂക്ഷിക്കുവാനും മാതാവ് അവരോടു പറഞ്ഞു.

## ആഗസ്റ്റിലെ ദുരിതങ്ങൾ

ഫാത്തിമായിലെ ദർശനങ്ങൾ ലോകമൊട്ടാകെ അത്ഭുതവും ശ്രദ്ധയും ഉണർത്തിയപ്പോൾ നിരീശ്വരവാദികളായ ഭരണാധികാരികൾ അസ്വസ്ഥരായി. ആഗ്സ്റ്റ് 13നു മാതാവ് പ്രത്യക്ഷപ്പെടും എന്നറിയിച്ചിരുന്ന ദിവസം ഫാത്തിമ ഉൾപ്പെടുന്ന ഔറേമിലെ മേയർ കുട്ടികളെ തട്ടികൊണ്ടുപോയി ജയിലിൽ അടച്ചു. 'തിളയ്ക്കുന്ന എണ്ണയിലിട്ട് ജീവനോടെ പൊരിക്കുമെന്നു' ഭീഷണിപ്പെടുത്തിയിട്ടും കുട്ടികൾ അവർക്കു ലഭിച്ച രഹസ്യങ്ങൾ വെളിപ്പെടുത്താൻ തയ്യാറായില്ല. ഒടുവിൽ ജനങ്ങൾ അക്രമാസക്തരാകും എന്ന് ഭയന്ന് പിറ്റേദിവസം കുട്ടികളെ ജയിലിൽ നിന്നും വിട്ടയച്ചു. 19–ാം തിയതി ഭവാലിഞ്ഞോസ് എന്ന ഗ്രാമത്തിനടുത്തുവെച്ച് മാതാവ് കുട്ടികൾക്കു ദർശനം നൽകി. ലൂസി ചോദിച്ചു: ''ഞങ്ങളെന്താണ് ചെയ്യേണ്ടത്?.'' മാതാവ് മറുപടി നൽകി: ''കോവാദാ ഇറിയാ''യിൽ എല്ലാ 13നും നിങ്ങൾ വരുന്നത് തുടരുകയും എല്ലാ ദിവസവും മുടങ്ങാതെ കൊന്ത ചൊല്ലുകയും ചെയ്യണം. പ്രാർത്ഥിക്കുക, വളരെയധികം പ്രാർത്ഥിക്കുക, പാപികൾക്കുവേണ്ടി പരിഹാരം ചെയ്യുക. കാരണം ആരും പ്രാർത്ഥിക്കാനും പരിഹാരം ചെയ്യാനും ഇല്ലാത്തതിന്റെ പേരിൽ അനേകം ആത്മാക്കൾ നരകത്തിൽ അകപ്പെട്ടുപോകുന്നു.''

## സെപ്റ്റംബർ 13

സെപ്റ്റംബറിലും 13–ാം തിയതിതന്നെ മാതാവ് പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു: ''യുദ്ധം അവസാനിക്കുന്നതിനായി ജനങ്ങൾ എല്ലാ ദിവസവും ജപമാല ചൊല്ലട്ടെ.'' ലൂസി ഒരു അത്ഭുതം പ്രവർത്തിക്കാനായി നിർബന്ധിച്ചപ്പോൾ ദിവ്യകന്യക പറഞ്ഞു. ''തീർച്ചയായും എല്ലാവരും വിശ്വസിക്കുന്നതിനായി ഒക്ടോബറിൽ ഞാൻ ഒരു അത്ഭുതം പ്രവർത്തിക്കും.''

മുപ്പതിനായിരത്തോളം പേർ ദർശനസ്ഥലത്ത് അന്ന് വന്നുചേർന്നിരുന്നു. മാതാവിനെ വഹിച്ചിരുന്ന പ്രകാശഗോളം പലർക്കും കാണുവാൻ സാധിച്ചു. എങ്കിലും കുട്ടികൾക്കു മാത്രമാണ് മാതാവിന്റെ ദർശനം ലഭിച്ചത്.

## അവസാനത്തെ ദർശനം ഒക്ടോബർ 13, 1917

ഒക്ടോബർ മാസം ആയപ്പോഴേയ്ക്കും ഫാത്തിമ സംഭവങ്ങൾ പോർട്ടുഗൽ മുഴുവനെയും ഇളക്കിമറിച്ചു. പത്രങ്ങളും മാസികകളും ഫാത്തിമാദർശനത്തിനു വലിയ പ്രാധാന്യം നൽകി. ഒക്ടോബറിൽ വലിയൊരത്ഭുതം നടക്കും എന്ന വാർത്ത കേട്ട് റിപ്പോർട്ടർമാരും ഫോട്ടോഗ്രാഫർമാരും ഓടിക്കൂടി. 13നു മുമ്പുള്ള ഒന്നു രണ്ടു ദിവസങ്ങളിൽ രാജ്യത്തിന്റെ എല്ലാ റോഡുകളും ഫാത്തിമയിലേക്കു നീണ്ടു. വനത്തിലൂടെയും വയലിലൂടെയും റോഡിലൂടെയുമെല്ലാം ദിവസങ്ങൾ നീണ്ട യാത്ര ചെയ്ത എഴുപതിനായിരത്തോളം ജനങ്ങൾ ഫാത്തിമായിൽ തടിച്ചുകൂടി. 12–ാം തിയതി രാത്രി മുഴുവനും 13നു പ്രഭാതത്തിലും പെയ്ത ശക്തമായ മഴ നിമിത്തം സകലയിടങ്ങളിലും ചെളിയായിരുന്നു. കണങ്കാലുകൾ ചെളിയിൽ പൂണ്ട അവസ്ഥയിൽ കുടയും പിടിച്ച് ജനം ജപമാല ചൊല്ലി. ഉച്ചകഴിഞ്ഞ ഉടനെ ഫാത്തിമയിലെ തന്റെ അവസാനദർശനം നൽകാനായി മാതാവെത്തി. ദിവ്യജനനി കുട്ടികളോടു ഇങ്ങനെ പറഞ്ഞു:

''ഞാൻ ജപമാല രാജ്ഞിയാണ്. എന്റെ പുകഴ്ചക്കായി ഇവിടെയൊരു ചാപ്പൽ പണിയുവാൻ അവരോടു പറയുക. അവർ ജപമാല ചൊല്ലുന്നത് എല്ലാ ദിവസവും തുടരണം. ഉടനെതന്നെ യുദ്ധം അവസാനിക്കുകയും പട്ടാളക്കാർ തങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങുകയും ചെയ്യും.'' ദിവ്യകന്യക വിടപറയുംമുമ്പേ തന്റെ കൈകൾ വിടർത്തി. അതിൽ നിന്നും പ്രകാശകിരണങ്ങൾ സൂര്യനു നേരെ പ്രവഹിച്ചു. ക്രമേണ സൂര്യൻ മങ്ങി ഒരു വെള്ളിത്തളികപോലെയായി. കണ്ണുകൾ മറയ്ക്കാതെ ആർക്കും നേരിട്ട് സൂര്യനെ നോക്കുവാൻ കഴിയുമായിരുന്നില്ല. വിവിധ നിറങ്ങളിലുള്ള പ്രകാശം സൂര്യനിൽ നിന്നും പ്രവഹിക്കാനാരംഭിച്ചു. പെട്ടെന്ന് സൂര്യൻ കറങ്ങാൻ തുടങ്ങി. ഭീമാകാരമായ ഒരു അഗ്നി ചക്രംപോലെ അത് കാണപ്പെട്ടു. അതിനുശേഷം അത് ഭ്രാന്തമായി നൃത്തം ചെയ്യാനാരംഭിച്ചു. സൂര്യൻ അതിന്റെ ഭ്രമണപഥത്തിൽ നിന്നും വിട്ടുപോയതുപോലെയാണ് അപ്പോൾ എല്ലാവർക്കും തോന്നിയത്. ഭൂമിയെ ഇടിച്ചു തകർക്കാൻ പോകുന്നതുപോലെ അത് പെട്ടെന്ന് ഭൂമിയുടെ നേരെ പാഞ്ഞുവന്നു. '' ഇതാ ലോകം അവസാനിക്കുവാൻ പോകുന്നു.'' എല്ലാവരും നിലവിളിച്ചു കരഞ്ഞു. സകലരും മുട്ടിൻമേൽ നിന്നു തങ്ങളുടെ പാപങ്ങൾക്കു മാപ്പ് ചോദിച്ചുകൊണ്ട് പ്രാർത്ഥിച്ചു. ആകാശത്തിൽ നിന്നും തെറിച്ചുവന്ന ആ അഗ്നിഗോളം തങ്ങളെ ഇപ്പോൾ നശിപ്പിക്കുമെന്നു കരുതിയ നിമിഷം തന്നെ അതിന്റെ താഴോട്ടുള്ള ഗതി നിലച്ചു. സൂര്യൻ വീണ്ടും മുകളിലേക്കുയർന്ന് അതിന്റെ പഴയ സ്ഥാനത്ത് സ്വയം ഉറപ്പിച്ചു. എല്ലാം ശാന്തമായി. ജനങ്ങൾ മുട്ടിൻമേൽ നിന്നും എഴുന്നേറ്റപ്പോൾ ആശ്ചര്യത്തിന്റെയും ആശ്വാസത്തിന്റെയും രോദനങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നു. കാരണം മഴയിൽ നനഞ്ഞു കുതിർന്ന എഴുപതിനായിരത്തോളം പേരുടെ വസ്ത്രങ്ങളും പെട്ടെന്ന് ഉണങ്ങി. ആ സമയത്ത് അനേകരുടെ രോഗങ്ങളും സുഖമാക്കപ്പെട്ടു.

ഫാത്തിമായിലെ ദർശനങ്ങൾ അതോടെ അവസാനിച്ചെങ്കിലും അവിടെ നൽകപ്പെട്ട സന്ദേശങ്ങൾ ഇന്നും സജീവമായി ലോകത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിലെ ലോകചരിത്രം വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം നമുക്ക് ബോധ്യമാകും. ഫാത്തിമായിൽ വെച്ച് മാതാവ് പ്രവചിച്ച ദൈവകോപത്തിന്റെയും ശുദ്ധീകരണത്തിന്റെയും നാളുകളിലാണ് നാമിപ്പോൾ ജീവിക്കുന്നത്. നമ്മുടെ ലോകം അതിന്റെ അവസാന മണിക്കൂറുകളിലൂടെ കടന്നു പോയികൊണ്ടിരിക്കുന്നു.